പിന്നോക്ക-പട്ടികസമുദായ ക്ഷേമവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി *(ശ്രീ. എ. പി. അനിൽകുമാർ):*

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി വിഭാഗക്കാർക്ക് പ്രീമെട്രിക് വിദ്യാഭ്യാസത്തിനായി 4301.15 ലക്ഷം രൂപയും പോസ്റ്റ് മെട്രിക് വിദ്യാഭ്യാസത്തിനായി 19,041.08 ലക്ഷം രൂപയും പട്ടികവർഗ്ഗ/മറ്റർഹ വിദ്യാർത്ഥികൾക്ക് ആകെ 2,558.56 ലക്ഷം രൂപയും ധനസഹായമായി നൽകിയിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) ട്രഷറി നിയന്ത്രണംമൂലം വിദ്യാഭ്യാസ ആനുകൂല്യം യഥാസമയം വിതരണം ചെയ്യാൻ തടസ്സം നേരിട്ടിരുന്നു. എന്നാൽ 2005 ജൂൺ 9-ാം തീയതി മുതൽ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ആനുകൂല്യം വിതരണം നടത്തുന്നതിന് ഏർപ്പെടുത്തിയ ട്രഷറി നിയന്ത്രണം താൽക്കാലികമായി ഒഴിവാക്കിയിട്ടുണ്ട്. പല പ്പോഴും അപേക്ഷകൾ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്ന് യഥാസമയം ലഭിക്കാത്തതും ആനുകൂല്യങ്ങൾ വിതരണം നടത്തുന്നതിന് തടസ്സമായിട്ടുണ്ട്. ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

സ്വാശ്രയ പ്രൊഫഷണൽ കോളേജുകളുടെ ഗുണനിലവാരം

*6 [T110] *ശ്രീ. കെ. സുധാകരൻ:*
" *എം. എം. ഹസ്സൻ:*
" *വി. ജെ. പൗലോസ്:*

ശ്രീമതി മേഴ്സി രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വാശ്രയ പ്രൊഫഷണൽ കോളേജുകളുടെ നിലവാരം മോശപ്പെട്ടു വരുന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് കാളിറ്റി കൗൺസിലുകൾ രൂപീകരിക്കാൻ ഉദ്ദേശമുണ്ടോ;

(സി) ഇതു സംബന്ധിച്ച് സ്വാശ്രയ പ്രൊഫഷണൽ കോളേജ് മാനേജ്മെന്റുമായി എന്തെങ്കിലും ചർച്ച നടത്തിയിട്ടുണ്ടോ;

(ഡി) ഈ കൗൺസിലുകൾ എന്നത്തേക്ക് നിലവിൽ വരുമെന്ന് പറയാമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി *(ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ):*

(എ) സ്വാശ്രയ പ്രൊഫഷണൽ കോളേജുകളുടെ നിലവാരം മോശപ്പെട്ടു വരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി)-(ഡി) സ്വാശ്രയ കോളേജുകളുടെ നിലവാരം വിലയിരുത്തുന്നതിനായി ഒരു കാളിറ്റി കൗൺസിൽ രൂപീകരിക്കുന്നതിന് തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly